# മലമ്പുഴയിലെ സ്പോഞ്ച് അയേൺ ഫാക്ടറി ജനങ്ങളോടുള്ള വെല്ലുവിളി – പരിസ്ഥിതി സംഘടനകൾ

മലമ്പുഴയിലെ കേരള സ്പോഞ്ച് അയേൺ ഫാക്ടറിക്ക് സർക്കാർ പ്രവർത്താനുവാദം നൽകിയിരിക്കുന്നത് ജനങ്ങളോടുള്ള വെല്ലുവിളിയാണെന്നും ഇതിനെതിരെ ജനകീയ പ്രക്ഷോഭം ശക്തിപ്പെടുത്തുമെന്നും മലമ്പുഴ ഡാം സംരക്ഷണസമിതി, ഭാരതപ്പുഴ സംരക്ഷണസമിതി, ജനജാഗ്രത എന്നീ സംഘടനകൾ ഒരു സംയുക്ത പ്രസ്താവനയിൽ പറയുന്നു. എല്ലാ പരിസ്ഥിതി സംരക്ഷണ നിയമങ്ങളേയും പാടെ ലംഘിച്ചുകൊണ്ടും ജനങ്ങളുടെ പ്രതിഷേധം അവഗണിച്ചും കൊണ്ടുമാണ് കേരള മലനീകരണ നിയന്ത്രണബോർഡ് ഫാക്ടറിക്ക് 31-12-2009 വരെ പ്രവർത്തിക്കുന്നതിന് 3-4-2007ന് ഉത്തരവ് നൽകിയിരിക്കുന്നത്. ശ്രീ. വി.എസ്. അച്ചുതാനന്ദൻ പ്രതിപക്ഷ നേതാവായിരുന്നപ്പോൾ അദ്ദേഹവും സിപിഎമ്മും, ഡിവൈഎഫ്ഐയും ഒക്കെ ഇതിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചിരുന്നു. എൽഡിഎഫ് അധികാരത്തിൽ വന്നാൽ പാലക്കാട്ടെ ഇരുമ്പുരുക്കു ഫാക്ടറികളെല്ലാം അടച്ചുപൂട്ടുമെന്ന് വാഗ്ദാനം നൽകിയിരുന്നു. പ്രൊഫ. എം.കെ. പ്രസാദ്, പ്രൊഫ. ആർ.വി.ജി. മേനോൻ, ഡോ. അജയ്കുമാർ വർമ്മ, ഡോ. ശിവശങ്കരപ്പിള്ള എന്നിവർ അംഗങ്ങളായി ഗവൺമെന്റ് നിയമിച്ച ഒരു വിദഗ്ധ സമിതി 12-2-07ന് സ്പോഞ്ച് അയൺ ഫാക്ടറി സന്ദർശിച്ച് തെളിവെടുപ്പ് നടത്തുകയും ചെയ്തിരുന്നു. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രതിദിനം 30,000 ടൺ സ്പോഞ്ച് അയൺ ഉല്പാദിപ്പിക്കുന്നതിന് കമ്പനിക്ക് അനുവാദം നൽകിയിരിക്കുന്നത് എന്നുള്ളതാണ് ഏറെ അത്ഭുതകരം.

മലമ്പുഴ ജലാശയത്തിന്റെ വൃഷ്ടിപ്രദേശത്ത് മാന്തുരുത്തി വനമേഖലയിലാണ് ഫാക്ടറി സ്ഥിതി ചെയ്യുന്നത്. ഇത് വനനിയമങ്ങളുടെ ലംഘനമാണ്. കമ്പനി വനഭൂമി കൈവശപ്പെടുത്തിയതായി പരാതി നിലവിലുണ്ട്. ഫാക്ടറി പ്രവർത്തിക്കുവാൻ തുടങ്ങിയാൽ സ്പോഞ്ച് ഇരുമ്പിന്റെ കരിയും പുകയും ലോഹമാലിന്യങ്ങളും എല്ലാം ഒലിച്ചിറങ്ങി മലമ്പുഴ ജലാശയത്തെ ഗുരുതരമായി മലിനീകരിക്കും. പാലക്കാട് മുനിസിപ്പാലിറ്റിയിലും ഏഴു പഞ്ചായത്തുകളിലുമുള്ള 20 ലക്ഷം ജനങ്ങൾക്ക് കുടിനീരിനും 25000 ഹെക്ടർ സ്ഥലത്ത് കൃഷിക്കും മലമ്പുഴ ജലാശയമാണ് ഏക ആശ്രയം. മാത്രമല്ല, ഭാരതപ്പുഴയുടെ പോഷകനദിയായ കോരയാർ ഫാക്ടറിക്ക് സമീപത്തുകൂടിയാണ് ഒഴുകുന്നത്. അതുമൂലം പൊന്നാനിവരെയുള്ള ഭാരതപ്പുഴയെയും ഇതി മലിനീകരിക്കുമെന്നതിൽ സംശയമില്ല.

ഇരുമ്പ് ഉരുകുന്നതിനെക്കാളും താഴ്ന്ന ഊഷ്മാവിൽ ഇരുമ്പയിര് കരി കത്തിച്ച് ഉരുക്കുമ്പോൾ പതമുള്ള ജ്വലിക്കുന്ന പച്ചിരുമ്പും ലോഹമാലിന്യങ്ങളും ഉണ്ടാവുന്നു. ഈ സ്പോഞ്ച് പച്ചിരുമ്പ് ചൂളയിൽനിന്ന് പുറത്തെടുത്ത് വലിയ കൂടംകൊണ്ട് അടിച്ചുപരത്തി കരിയും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യുന്നു. ഇത്തരം സ്പോഞ്ച് ഇരുമ്പിൽ 3% കരിയും മറ്റു ലോഹമാലിന്യങ്ങളും കാണും. ഈ പ്രക്രിയ മൂലമുണ്ടാകുന്ന ലോഹമാലിന്യങ്ങൾ ഗുരുതരമായ രീതിയിൽ ജലവും വായുവും മണ്ണും മലിനീകരിക്കും. ഈ മലിനീകരണം വൃക്കരോഗങ്ങൾ, ആസ്തമ, കാൻസർ, ത്വക്ക് രോഗങ്ങൾ, വന്ധ്യത എന്നിവയ്ക്ക് കാരണമാകുമെന്ന് പഠന റിപ്പോർട്ടുകളുടെ മദ്ധ്യകിഴക്കൻ രാജ്യങ്ങളിലും ഈജിപ്തിലും യൂറോപ്പിലും ആദ്യകാലങ്ങളിൽ ഇരുമ്പുണ്ടാക്കിയിരുന്നത് ഈ രീതിയിലാണ്. എന്നാൽ ഇതിന്റെ ഗുരുതരമായ മലിനീകരണം മൂലം ഇത് ഇന്ന് നിരോധിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഒറീസ്സയിലും ഇത് നിരോധിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ ഇപ്പോൾ തന്നെ 37 ഇരുമ്പുരുക്ക് ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ഇവ അമിതമായി വൈദ്യുതി ഉപയോഗിക്കുന്ന കറന്റുതീനി ഫാക്ടറികളാണ്. കറന്റ് മോഷണം ഇവയുടെ ഒരു സ്വഭാവമാണെന്ന് പരക്കെ പരാതിയുണ്ട്. നിരവധി തവണ പിടിക്കപ്പെടുകയും കോടിക്കണക്കിന് രൂപയുടെ പിഴ ഇവരിൽനിന്ന് വസൂലാക്കുകയും നിയന്ത്രണബോർഡിന്റെ സോണിങ്ങ് അറ്റ്ലസ് വ്യക്തമാക്കുന്നു. ഇവയ്ക്കെതിരെ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ - തേങ്കുറിശ്ശി, പട്ടാമ്പി-കൊപ്പം, കൊഴിഞ്ഞാമ്പാറ, എലപ്പുള്ളി-പള്ളത്തേരി, പുതുപ്പരിയാരം തുടങ്ങിയ സ്ഥലങ്ങളിൽ - ജനകീയ സമരങ്ങളും ഉണ്ടായിട്ടുണ്ട്. ഇപ്പോഴും കഞ്ചിക്കോട് കൈരളി, പാരഗൺ സ്റ്റീൽ കമ്പനികൾക്കെതിരെ സമരങ്ങൾ നടന്നുവരുന്നു. ഇവ തൊഴിലാളികളെ ചൂഷണം ചെയ്യുന്നതു കൂടാതെ, കോരയാർ പുഴയുടെ 15 ഏക്കറോളം സ്ഥലം കയ്യേറിയിട്ടുമുണ്ട്.

*ജനജാഗ്രത, പൗർണ്ണമി, പാലക്കാട്-1*